പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2035 16.02.2016 ൽ മറുപടിക്ക്

## ഗതാഗത വകുപ്പിന്റെ ശാക്തീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, ബെന്നി ബെഹനാൻ<br>,, എ.റ്റി.ജോർജ്<br>,, സണ്ണി ജോസഫ് : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഗതാഗത വകുപ്പിനെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോമീറ്ററുകൾ, ക്യാമറകൾ, രാത്രി കാല ചെക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ അമിത വേഗത, അലക്ഷ്യമായ ഡ്രൈവിംഗ് എന്നിവ കണ്ടുപിടിയ്ക്കുന്നതിനായി വിവിധ ഇടങ്ങളിലായി 201 ക്യാമറ സർവൈലൻസ് സിസ്റ്റം സ്ഥാപിച്ചു കഴിഞ്ഞു. ഡ്രൈവിംഗ് ടെസ്റ്റും വാഹന പരിശോധനയും കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനായി കണ്ണൂരിലെ ഇളവായൂർ, കോഴിക്കോട് ചേവായൂർ, തിരുവനന്തപുരം പാറശ്ശാല എന്നീ മൂന്ന് സ്ഥലങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധന, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിച്ചു കഴിഞ്ഞു. മുട്ടത്തറ (തിരുവനന്തപുരം), ആരക്കുഴ |

| | | | |
|---|---|---|---|
| | | | (മൂവാറ്റുപുഴ), മോനിപ്പള്ളി (കോട്ടയം) എന്നിവിടങ്ങളിൽ പണി നടന്നു വരുന്നു. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യാർത്ഥം ഫീസ്, ടാക്സ്, പിഴ എന്നിവ ഒടുക്കുന്നതിനായി ഇ- പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുക യുണ്ടായി. എട്ട് പുതിയ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ കുട്ടനാട്, ഉഴവൂർ, ദേവികുളം, ഉടുമ്പൻചോല, ചിറ്റൂർ, നിലമ്പൂർ, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ ആരംഭിച്ചു. കൂടാതെ 461 ജീവനക്കാരുടെ അധിക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.<br><br>സംസ്ഥാന ജല ഗതാഗത വകുപ്പിനു കീഴിലെ പഴയ തടി ബോട്ടുകൾക്ക് പകരം പുതിയ സ്റ്റീൽബോട്ടുകൾ നീറ്റിലിറക്കി. പാസഞ്ചർകം-ടൂറിസ്റ്റ് കാരിയർബോട്ടുകൾ, ടൂ വീലർകം-പാസഞ്ചർകാരിയർ ബോട്ടുകൾ എന്നീ സർവ്വീസുകൾ ആരംഭിച്ചു. സ്റ്റീൽബോട്ടുകളുടെ റിപ്പയർ കാര്യക്ഷമമാക്കുന്നതിനായി ആധുനിക സജ്ജീകരണങ്ങളോട്ടു കൂടിയ സ്ലിപ്പ് വേയും, ഡ്രൈഡോക്കും പണി കഴിപ്പിച്ചു. വിനോദ സഞ്ചാരികൾക്കും, പൊതുജനങ്ങൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പുതിയ ബോട്ട് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു. ഇന്ത്യയിലെ തന്നെ പ്രഥമ സംരംഭമായ സോളാർ ബോട്ട് നിർമ്മാണം ആരംഭിച്ചു.<br>കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവ് അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയുമാണ്. കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിലും കൂടിയ പലിശ നിരക്കിലും എടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റി. തന്മൂലം KSRTC. യ്ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയിൽപ്പരം രൂപ ലാഭിക്കാൻ കഴിഞ്ഞു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | KSRTC കൊറിയർ/ പാർസൽ സർവ്വീസുകൾ M/s TRACKON എന്ന സ്ഥാപനവുമായി സഹകരിച്ച് ആരംഭിച്ചു കഴിഞ്ഞു. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളുമായി KSRTC കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി വകുപ്പിന്റെ സേവനങ്ങൾ നൽകുക, നിയമലംഘകരെ തെളിവോടെ പിടികൂടുക, നിയമലംഘനങ്ങൾ തടയുക, വാഹനാപകടങ്ങൾ പരാമവധി കുറയ്ക്കുക എന്നിവയാണ് മോട്ടോർ വാഹന വകുപ്പിന്റെ പദ്ധതികൾ വഴി കൈവരിയ്ക്കാനുദ്ദേശി യ്ക്കുന്നത്.<br>പൊതുജനങ്ങൾക്ക് സുരക്ഷിതമായതും, വേഗതയിലുള്ളതുമായ ജലയാത്ര ഉറപ്പ് വരുത്തുന്നതിലൂടെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കുക. കെ.എസ്.ആർ.ടി.സിയെ പുനരുദ്ധീകരിച്ച് ലാഭകരമാക്കുക എന്നിവ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | മോട്ടോർ വാഹന വകുപ്പിലും സംസ്ഥാന ജലഗതാഗത വകുപ്പിലും നടപ്പാക്കുന്ന പദ്ധതികൾക്കാവശ്യമായ സാമ്പത്തിക ഭരണ അനുമതികൾ സമയ ബന്ധിതമായി നൽകി. KSRTC യിലെ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റുകയും സമയബന്ധിതമായി പുതിയ ബസുകൾ പുറത്തിറക്കുകയും ചെയ്തത് വഴി KSRTC-യുടെ പ്രതിദിന വരുമാനം ഉയർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ